# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾ, കോഴ്സുകൾ, എൻ.ഒ.സി പുതുക്കൽ അപേക്ഷകൾ - സ്വാശ്രയ കോളേജുകളുടെ അപേക്ഷ സ്വീകരിച്ച് ശുപാർശ സഹിതം സർക്കാരിലേയ്ക്ക് സമർപ്പിക്കൽ - കോളേജ് വിദ്യാഭ്യാസ ഉപമേധാവിമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ്നം.ജി4/4415/2017/കോ.വി.വ  തീയതി.09.03.2017

---

പരാമർശം:-1. 23.01.2017-ലെ സ.ഉ(എം.എസ്)നം.30/2017/ഉ.വി.വ നമ്പരായ സർക്കാർ ഉത്തരവ്.

## ഉത്തരവ്

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾ, കോഴ്സുകൾ, എൻ.ഒ.സി പുതുക്കൽ എന്നിവ സംബന്ധിച്ച സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുടെ അപേക്ഷകൾ പരിശോധിച്ച് വ്യക്തമായ ശുപാർശ സഹിതം അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് പരാമർശ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സ്വാശ്രയ മാനേജ്മെന്റുകളുടെ ആർട്സ് & സയൻസ് കോളേജുകളുടെ മേൽ പ്രസ്താവിത അപേക്ഷകൾ, അതാത് മേഖലകളിലെ ഡെപ്യൂട്ടി ഡയറക്ടർമാർ സ്വീകരിച്ച് തുടർനടപടി സീകരിച്ച് ശുപാർശ സഹിതം സർക്കാരിലേയ്ക്ക് അയയ്ക്കാൻ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഒപ്പ്/-
ഡോ.എ.എൻ.പത്മകുമാരി,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ(i/c)

പകർപ്പ്:-

1. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം / കോട്ടയം / എറണാകുളം / തൃശ്ശൂർ / കോഴിക്കോട്
3. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
4. കരുതൽ ഫയൽ / നടപ്പ് ഫയൽ

/അംഗീകാരത്തോടെ/

സൂപ്രണ്ട്

പി.ജി :13.03.2017

044728

GOVERNMENT OF KERALA